KERALA CATHOLIC BISHOPS' COUNCIL'S

COMMISSION FOR SOCIAL HARMONY AND VIGILANCE



# JAGRATHA NEWS

221th Issue, Volume No.6 9th March 2012

## ജാഗ്രത

### പ്രധാന വാർത്തകൾ

മാധ്യമങ്ങൾ സാധ്യമാക്കുന്ന സ്നേഹസംസ്കാര നിർമിതി..

റവ. ഫാ. കുര്യാക്കോസ് മുണ്ടാടൻ.

അഴിമതിയുടെ വേരുകൾ നശിപ്പിക്കാൻ സാധിക്കുമോ?

റവ. ഫാ. ജോസ് കുറിയേടത്ത് സി..എം.ഐ.

വേട്ടക്കാരും ഇരകളും.

നമുക്കും പ്രായമാവില്ലേ?

മറന്നു പോകുന്ന പാഠങ്ങൾ.

അഭയകേന്ദ്രങ്ങളിലെ വിങ്ങലുകൾ.

മരണം പേറിടിപ്പറുകൾ.

പൊതു ശുചിത്വം ഇങ്ങനെ മതിയോ?

പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിന് അംഗീകാരം.

കൃത്രിമ ഗർഭധാരണ മാർഗ്ഗങ്ങൾ പാടില്ല: മാർപാപ്പ

പിടിവിട്ടുപോകുന്നുവോ, കേരളത്തിന്റെ ക്രമസമാധാനം.

സ്വവർഗ്ഗരതി നിയാനുസൃതമാക്കരുത്.

ഫാ. ജോസി പൊന്നമ്പൽ MSFS.

Chairman
Bp. Mar Thomas Chakiath

Vice Chairmen
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

Secretary
Fr. Josey Ponnambel MSFS

Pastoral Orientation Centre, Palarivattom, Kochi -25, Ph: 0484- 2806262, kcbcshvj@gmail.com

kcbcshvjjj@gmail.com

# മാധ്യമങ്ങൾ സാധ്യമാക്കുന്ന സ്നേഹസംസ്കാര നിർമിതി

**(കഴിഞ്ഞ ലക്കം തുടർച്ച...)**

ഇന്ന് ലോകമെങ്ങും സഹൃത്തുക്കളെ സൃഷ്ടിക്കുന്ന 'സോഷ്യൽ നെറ്റ്‌വർക്കി'ലൂടെ വിസ്മയകരമായ കാര്യങ്ങൾ നാം ചെയ്യുന്നുണ്ട്. 'ഫെയ്സ്ബുക്കി'ൽ ജോൺ പോൾ രണ്ടാമന്റെയും ബെനഡിക്ട് പതിനാറാമന്റെയും വിശുദ്ധ അൽഫോൻസാമ്മയുടെയും മറ്റു വിശുദ്ധരും കർമ്മധീര രുമായവരുടെയും 'ഫാൻസ്'ായി മാറുന്നതും ഏറെ പ്രതീക്ഷാജനകമാണ്. കരയെയും കടലിനെയും പര്സപരം കോർത്തിണക്കി തിന്മയേക്കാൾ അധികം നന്മ കണ്ടെത്താനും സത്യത്തിനും നീതിക്കുമായി സംഘാതമായി ശബ്ദമുയർത്താനും അനന്തമായ സാധ്യതകളാണ് ആധുനിക ഇന്റർനെറ്റ് യുഗം ഇന്നത്തെ തലമുറയുടെ മുമ്പിൽ തുറന്നുവയ്ക്കുന്നത്. മാധ്യമങ്ങളുടെ മഹാനായ മാർപാപ്പാ നമ്മുടെ വീടുകളിലെ ടെലിവിഷന്റെ 'അന്റെനെ'യെ നോക്കി 'നിങ്ങൾ രഹസ്യത്തിൽ പറയുന്നവ പുരമുകളിൽ നിന്നും പ്രഘോഷിക്കപ്പെടും' (മത്താ. 10: 27) എന്നതിന്റെ പ്രായോഗിതകയെ ചൂണ്ടിക്കാണിച്ചതു ഇവിടെ സാഗത്യമാണ്. ദൈവത്തെയും സുവിശേഷ മുല്യങ്ങളെയും പ്രഘോഷിക്കേണ്ട ആധുനിക 'അരയൊപാഗസ്'ാ യിട്ടാണ് അദ്ദേഹം മാധ്യമങ്ങളെ വിശേഷിപ്പിച്ചത് (Redemptoris missio 37). രക്ഷകനെ അന്വേഷിച്ചിറങ്ങിയ പൂജരാജാക്കന്മാർക്ക് നക്ഷത്രം വഴികാണിച്ചതുപോലെ നമ്മുടെ 'ബ്ളോഗു' കളിലൂടെയും 'സോഷ്യൽ നെറ്റ്‌വർക്കി' ലൂടെയും മറ്റുള്ളവർക്കായി രക്ഷയുടെ നക്ഷത്രം ദീപ്തമാക്കാൻ നമുക്കാവും. വത്തിക്കാനെ ഇന്റർനെറ്റിലും ഇ മെയിലിലുമൊക്കെ സ്ഥിരാംഗമാക്കിയത് ജോൺ പോൾ രണ്ടാമൻ മാർപാപ്പായാണ്. ക്രിസ്തുവിന്റെ സദ്വാർത്ത അറിയിക്കാനുള്ള ഏറ്റവും യോജ്യവും കാലാനുസൃതവുമായ വഴിയാണ് ആധുനിക മാധ്യമ ലോകമെന്ന് അദ്ദേഹം വളരെ കരുതലോടെ മനസ്സിലാക്കി. അദ്ദേഹത്തിന്റെ പിൻഗാമിയായ ബെനഡിക്ട് പതിനാറാമനും അതേ മാർഗത്തിലൂടെ ചരിച്ച് വത്തിക്കാനെ 'ബ്ലോഗിവേഴ്സി' (universe is replaced today by blogiverse) ലെത്തിച്ചു. സഭയുടെ കൂട്ടായ്മ വളർത്താനും പുതിയ പ്രഘോഷണ ശൃംഖലകൾ സൃഷ്ടിക്കാനും സോഷ്യൽ നെറ്റ്‌വർക്കുകൾ ഉപയോഗപ്പെടുത്താനാവും എന്നതിൽ തർക്കമില്ല.

മാധ്യമങ്ങളെ വിമർശനാത്മകമായി വിലയിരുത്തുകയും വിവേചനപൂർവം ഉപയോഗിക്കുകയും കാരുണ്യത്തിന്റെ ശുശ്രൂഷയ്ക്കായി ഉപകാരപ്പെടുത്തുകയുമാണ് ബുദ്ധി. സുവിശേഷവത്കരണത്തെക്കുറിച്ചുള്ള പോൾ ആറാമൻ മാർപാപ്പായുടെ ചാക്രികലേഖനത്തിൽ (Evangelium Nuntiandi) സുവിശേഷപ്രഘോഷണത്തിന്റെ അഷ്ടമാർഗങ്ങളെക്കുറിച്ച് എഴുതുന്നു: 1. സുവിശേഷ പ്രഘോഷണത്തിന്റെ കാതൽ ജീവിതസാക്ഷ്യമാണ്. ആധുനിക ലോകത്തിലെ മാധ്യമങ്ങൾ മതത്തിന്റെയോ ജാതിയുടേയോ പാർട്ടിയുടെയോ പേരിലുള്ള ഒരു വാർത്തയോ വാർത്തയ്ക്ക് നിദാനമായ വ്യക്തിയെയോ അവഗണിച്ചേക്കാം. പക്ഷേ മദർ തെരേസയെപ്പോലെ ജീവിക്കുന്ന വിശുദ്ധയെ അവർക്കു അവഗണിക്കാനാവുകയില്ലായിരുന്നു. മദർ തെരേസയുടെ ജീവിതത്തിലും മരണത്തിലും വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചപ്പോഴും മറ്റും കിട്ടിയ വാർത്താപ്രധാന്യം ഇവിടെ സ്മർത്തവ്യമാണ്.

2. ജീവിക്കുന്ന പ്രഘോഷണം (living preaching): ഇന്ന് ദൃശ്യമാധ്യമങ്ങൾ ചിത്രങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. പക്ഷേ ക്രിസ്തുവിന്റെ അനുയായികൾ വാക്കുകളിലൂടെ ദൈവത്തെ പ്രസംഗിക്കേണ്ടവരുമാണ്. 3. ആരാധനക്രമത്തിന്റെ ഭാഗമായ പ്രസംഗം: യഥാർത്ഥത്തിൽ ദൈവവചനത്തിന്റെ ആഴവും പ്രായോഗികതയും വൈദികരുടെ പ്രസംഗങ്ങളിൽ ഫലപ്രദമായി ഉൾക്കൊള്ളിക്കണം. 4. മതബോധനം: വളരെ ശാസ്ത്രീയമായി തന്നെ മതബോധനം നൽകണം. ബുദ്ധിപരവും വൈകാരികവുമായ പക്വതയാർജ്ജിക്കുന്ന മതബോധനം ആധുനിക മാധ്യമങ്ങളിലൂടെ വരുന്ന തെറ്റായ പ്രബോധനങ്ങളെ തിരിച്ചറിയാനും പ്രതിരോധിക്കാനും കുട്ടികളെ ശക്തിപ്പെടുത്തും. 5. സമ്പർക്ക മാധ്യമങ്ങൾ (Mass media): ദൈവവചന പ്രഘോഷണം ശക്തിപ്പെടുത്താനും ഫലപ്രദമാക്കാനും സഹായകരമാകുന്ന ആധുനിക മാധ്യമങ്ങൾ നാം ഉപയോഗിച്ചില്ലെങ്കിൽ ദൈവത്തിന്റെ മുമ്പിൽ നാം കുറ്റക്കാരാകുമെന്നാണ് മാർപാപ്പാ എഴുതിയിരിക്കുന്നത്. 6. വ്യക്തിബന്ധങ്ങൾ: ആഗോളഗ്രാമമായ ലോകത്തിലെ മാധ്യമോപാധികൾ വ്യക്തിബന്ധങ്ങളെ നിഷേധാത്മകമായി ബാധിക്കാം. വ്യക്തികളിലെ സത്യം പലപ്പോഴും നമുക്ക് അപ്രാപ്യമാകും. അതിന് ഏറ്റവും ഉചിതമായ രീതി വ്യക്തിബന്ധങ്ങളാണ്. ഇന്ന് പള്ളിയെയും പട്ടക്കാരനെയും വളരെ വേഗം ഉപേക്ഷിക്കുന്ന യുവജനം പക്ഷേ, സ്നേഹമുള്ള ഒരു വൈദികന്റെ സൗഹൃദത്തിന്റെ പശ്ചാത്തലത്തിൽ യേശുവിൽ വിശ്വസിക്കുകയും സഭയോടു കൂറു പുലർത്തുകയും ചെയ്തേക്കാം. 7. കൂദാശകൾ: നേരത്തെ സൂചിപ്പിച്ചതുപോലെ ടിവി അവതാരകർ, പുരോഹിതരെപ്പോലെയാണ് അവരുടെ വാർത്തകളും മറ്റും അവതരിപ്പിക്കുന്നത്. വളരെയധികം താല്പര്യവും ക്രിയാത്മകത്വവും അവരുടെ അവതരണത്തിൽ ഇല്ലെങ്കിൽ പ്രേക്ഷകൻ ചാനൽ മാറ്റിക്കളയും. അതുപോലെ വൈദികനും വളരെ സജീവമായും ആധികാരികമായും ക്രിയാത്മകമായും കൂദാശകൾ പരികർമ്മം ചെയ്യണം. 8. ഭക്താഭ്യാസങ്ങൾ: സാധാരണ ജനങ്ങളുടെ ആരാധന അവരുടെ ഭക്തിലഹരിയാണ്. ഇതു വൈകാരികതയുടെ തലമാണ്. അവരുടെ വികാരത്തെ ഒരുതരത്തിലും ചൂഷണം ചെയ്യാതെ കഴിയും വിധം ഭക്തിയെന്നത് ദൈവത്തോട് കൂടുതൽ അടുക്കുന്നതിലും ജീവിതത്തിലെ മഹത്ത്വം വിശുദ്ധരെപ്പോലെ ജീവിക്കുന്നതിലുമാണ് എന്ന സന്ദേശം കൈമാറുന്ന തരത്തിലുള്ള ഭക്താഭ്യാസമാണ് ഏറ്റവും ആകർഷണീയം.

**(തുടരും.......)**

**കുര്യാക്കോസ് മുണ്ടാടൻ**

# അഴിമതിയുടെ വേരുകൾ നശിപ്പിക്കാൻ സാധിക്കുമോ?

ജോസ് കുറിയേടത്ത് സി.എം.ഐ

**(കഴിഞ്ഞ ലക്കം തുടർച്ച...)**

**അഴിമതിക്ക് അംഗീകാരം**

ജീവിതം കൂടുതൽ കൂടുതൽ ആനന്ദപ്രദമാക്കാൻ സഹായിക്കുന്ന ഉപഭോഗവസ്തുക്കളുടെ സംല ഭ്യത ഇന്നു പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്നു. അവയെപ്പറ്റിയുള്ള അവബോധവും സമൂഹത്തിൽ വളരെ വ്യാപിച്ചിരിക്കുന്നു. എന്നാൽ, വികസ്വരരാജ്യമായ ഇന്ത്യയിൽ ഇവയെല്ലാം സ്വന്തമാക്കാനുള്ള നേരായ വരുമാനമാർഗങ്ങൾ ഇപ്പോഴും ആനുപാതികമായി വർദ്ധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽനിന്നാരംഭിക്കുന്നു കഴുത്തറപ്പൻ മത്സരങ്ങളും കുതികാൽവെട്ടുകളും ചതിക്കുഴികളും മറ്റും. മത്സരത്തിന്റെ തീവ്രതയിൽ ഇന്നുവരെ മനുഷ്യരെ നിയന്ത്രിച്ചുനിറുത്തിയിരുന്ന പല മൂല്യസംഹിതകളും പൊട്ടിവീഴുന്നു. അതോടെ സമൂഹം കയ്യൂക്കുള്ളവൻ (വക്രബുദ്ധിയുള്ളവനും) കാര്യക്കാരനാകുന്ന യുദ്ധഭൂമിയായി മാറുന്നു.

ഇങ്ങനെ അഴിമതി അതിവേഗം സമൂഹത്തിൽ വ്യാപിക്കുന്നതോടെ അതു സാമൂഹ്യമായ അംഗീകാരവും നേടുന്നു. എങ്ങനെ സ്വത്ത് സമ്പാദിച്ചുവെന്നു പരിഗണിക്കാതെ സമ്പന്നരെ എല്ലാവരുംതന്നെ ബഹുമാനി ക്കാൻ തുടങ്ങുന്നു. അഴിമതി നിയമപരമായും ധാർമികമായും തെറ്റാണെന്ന ചിന്ത തന്നെ ഇല്ലാതാകുന്നു. അങ്ങനെ അഴിമതി ജീവിതശൈലിയുടെ ഭാഗമായിത്തീരുന്നു. അഴിമതി ഒരു സാമൂഹ്യസംസ്കാരംപോലെ ആയിത്തീരുമ്പോൾ, ഒരു സർക്കാരിനും ഭരണകൂടത്തിനും അതില്ലാതാക്കാൻ സാധിക്കുകയില്ല. ഭരണകൂ ടംതന്നെ അഴിമതി നിറഞ്ഞതായിത്തീരുകയാണല്ലോ. ഈ സാഹചര്യത്തിൽ കൊട്ടിഘോഷിക്കുന്ന ലോക്പാൽ ബില്ലുപോലും കാര്യക്ഷമമാകാനിടയില്ല എന്നാണ് എനിക്കു തോന്നുന്നത്. ഒരുപക്ഷേ, ഏതാനും അഴിമതികൾ പുറത്തുകൊണ്ടുവരാനും ശിക്ഷിക്കാനും കഴിഞ്ഞേക്കും. വധശിക്ഷയും ജീവപര്യന്തം തടവും അനേകംപേർക്കു കിട്ടിയിട്ടും കൊലപാതകം നാട്ടിൽ കുറയുന്നില്ലല്ലോ. അഴിമതിക്കുറ്റങ്ങളുടെ ഗതിയും അതുതന്നെയാകാനാണു സാധ്യത. അഴിമതിയെ തടയാൻ സഹായിക്കുന്ന ശക്തിയുള്ള നിയമങ്ങൾ വേണ്ട ന്നല്ല ഇതിനർത്ഥം. നിയമങ്ങൾക്കപ്പുറത്തേയ്ക്കു നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

**വേണ്ടത് പുതിയൊരു സംസ്കാരം**

നിയമങ്ങൾക്കപ്പുറം ഒരു പുതിയ സംസ്കാരത്തിനുതന്നെ സമൂഹം രൂപം കൊടുക്കേണ്ടിയിരിക്കുന്നു. പക്ഷേ, ഇത് എങ്ങനെ നടക്കും? നിയമങ്ങളിലൂടെ അഥവാ സർക്കാരിന്റെ തീരുമാനങ്ങളിലുടെ ഒരി ടത്തും പുതിയൊരു സംസ്കാരം അഥവാ ജീവിതശൈലി രൂപപ്പെട്ടതായി അറിവില്ല. സാമൂഹ്യമോ സാംസ്കാ രികമോ ആയ പുനർരൂപീകരണങ്ങൾ നടന്നിട്ടുള്ളത് പ്രത്യേക സിദ്ധി അഥവാ കരിസ്മ ഉള്ള വ്യക്തിക ളുടെ അസാധാരണമായ ശക്തിപ്രഭാവത്തിന്റെ സ്വാധീനം കൊണ്ടാണ്. അത്തരം വ്യക്തികളെ സമൂഹ ങ്ങൾക്ക് ഉണ്ടാക്കിയെടുക്കാൻ സാധിക്കയില്ല, അവരുടെ അവതാരത്തിനായി സമൂഹം കാത്തിരിക്കണം.

എങ്കിലും അത്തരം നവോത്ഥാന നായകന്മാർക്കു വഴിയൊരുക്കാൻ സമൂഹങ്ങൾക്കു സാധിക്കും. കാരണം, സിദ്ധരായ അഥവാ കരിസ്മയുള്ള നേതാക്കൾ സമൂഹങ്ങളിൽ ഉയർന്നുവരുന്നത് ആകസ്മിക മായിട്ടല്ല, അങ്ങനെ തോന്നാമെങ്കിലും. അത്തരം മഹത്വ്യക്തികൾ ഉണ്ടാകാൻ സമൂഹങ്ങൾതന്നെ അറിഞ്ഞോ അറിയാതെയോ സാഹചര്യം ഒരുക്കാറുണ്ട്. ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള മോചനത്തിനുവേ ണ്ടിയുള്ള അടങ്ങാത്ത ദാഹം മൂർദ്ധന്യത്തിലെത്തിയപ്പോഴാണല്ലോ മോശ നേതാവായി ഉയരുന്നത്. അദ്ദേ ഹത്തിന്റെ സ്വാധീനത്തിലാണ് ഇസ്രായേൽ എന്ന ജനവും അവരുടെ സംസ്കാരവും രൂപപ്പെടുന്നത്. റോമാക്കാരുടെ കീഴിൽനിന്നുള്ള രാഷ്ട്രീയ സ്വാതന്ത്ര്യത്തിനപ്പുറം സമഗ്രമായൊരു സ്വാതന്ത്ര്യത്തിനു വേണ്ടി യഹൂദർ കേണപക്ഷേച്ചിരുന്ന സാഹചര്യത്തിലാണല്ലോ യേശു പ്രത്യക്ഷപ്പെടുന്നതും പുതിയൊരു

ജീവിതശൈലിയിലേക്കു ജനങ്ങളെ ആഹ്വാനം ചെയ്യുന്നതും. ബ്രാഹ്മണമതത്തിന്റെ നീരാളിപ്പിടുത്തത്തിൽ സാധാരണക്കാർ തകർന്നുകൊണ്ടിരുന്ന അവസരത്തിലാണല്ലോ ശ്രീബുദ്ധൻ പുതിയൊരു ജിവിതശൈലിക്കുവേണ്ടിയുള്ള ആഹ്വാനവുമായി പ്രത്യക്ഷപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ, ചരിത്രംതന്നെ നമ്മെ പഠിപ്പിക്കുന്നു, അഴിമതിയുടെ നീരാളിപ്പിടുത്തത്തിൽനിന്നു രക്ഷ പ്രാപിക്കാനുള്ള ദാഹവും അതിനുവേണ്ടിയുള്ള ആദ്യകാൽവെയ്പ്പുകളും നമ്മുടെ ഭാഗത്തുനിന്നുതന്നെ ഉണ്ടാകണമെന്ന്.

**നമുക്കെന്തു ചെയ്യാം**

അത്തരമൊരു ആദ്യ കാൽവെയ്പ്പ് നടത്താൻ ചില നിർദ്ദേശങ്ങൾ ചുവടെ സൂചിപ്പിക്കട്ടെ.

1. ആഴത്തിൽ വേരുറപ്പിച്ചിട്ടുള്ള അഴിമതിയെന്ന തിന്മയെയും ഇതിന്റെ തിക്തഫലങ്ങളെയും കുറിച്ച്, പ്രത്യേകിച്ച് പാവപ്പെട്ടവരുടെ ജീവിതത്തിലെ ഗൗരവപൂർണ്ണമായ ഫലങ്ങളെക്കുറിച്ച്, നമ്മുടെയിടയിൽതന്നെ ബോധവത്കരണം നടത്തുക.
2. അഴിമതി വിമുക്തമായ ഇന്ത്യയ്ക്കുവേണ്ടി പ്രതിജ്ഞയെടുക്കാൻ എല്ലാവരെയും, പ്രത്യേകിച്ച് ചെറുപ്പക്കാരെ, പ്രേരിപ്പിക്കുക.
3. നമുക്കുതന്നെ സംശുദ്ധമായ മനസ്സും സുതാര്യമായ ജീവിതവും ഉണ്ടായിരിക്കുക.
4. സുതാര്യതയും സാമ്പത്തിക ഉത്തരവാദിത്വവും എല്ലാ രംഗങ്ങളിലും നാം പാലിക്കുക.
5. ദൈനംദിന ജീവിതത്തിലെ ചെറിയ കാര്യങ്ങളിൽ പോലും മേല്പറഞ്ഞ ഉത്തരവാദിത്വം കാണിക്കുന്ന ഒരു ജീവിത സംസ്കാരംതന്നെ നമ്മുടെയിടയിൽ വളർത്തിയെടുക്കുക.
6. പൊതുസമൂഹത്തിലും നമ്മുടെ സ്ഥാപനങ്ങളിലും അഴിമതി നടത്തുന്ന വ്യക്തികൾക്കെതിരെ (സ്വന്തം സമൂഹത്തിൽപ്പെട്ടവരുൾപ്പടെ) ശക്തമായ തിരുത്തൽ-ശിക്ഷണ നടപടികൾ എടുക്കുക.
7. നമ്മുടെ സ്ഥാപനങ്ങളിലെ കണക്കുകൾ ഓഡിറ്റിംഗിനും മറ്റുതരത്തിലുള്ള പരിശോധനകൾക്കും വിധേയമാക്കുന്ന ശൈലി വളർത്തിയെടുക്കുക.
8. നാം തന്നെ നമ്മുടെ സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജുമെന്റിനെക്കുറിച്ചു പഠിക്കുകയും ഇടയ്ക്കിടെ ക്രൈസ്തവ മൂല്യങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുകയും ചെയ്യുക.

ഇവയുടെയൊക്കെ ഫലമായി അഴിമതിരഹിതമായ പുതിയൊരു സംസ്കാരത്തിനുള്ള ദാഹവും അതു വിദൂരത്തിലെങ്കിലും സാധ്യമാകുമെന്ന പ്രതീക്ഷയും ഒരു ചെറിയ വൃത്തത്തിലെങ്കിലും തളിരിടട്ടെ. മറ്റുള്ളവർക്കെതിരെ കൈചൂണ്ടുന്നതിനു മുമ്പ് നമ്മുടെ കൈകൾതന്നെ ശുദ്ധമായിരിക്കണമല്ലോ. അങ്ങനെ അഴിമതിരഹിതമായ പുതിയൊരു സംസ്കാരം നമ്മിൽനിന്നുതന്നെ തുടങ്ങട്ടെ. അതു സമൂഹത്തെയാകെ നവീകരിക്കാൻ കഴിവുള്ള കരിസ്മ നിറഞ്ഞ ഒരു നേതാവിന്റെ ഉദയത്തിനു കാരണമാകില്ലെന്നു ആരറിഞ്ഞു?

**സാംസ്കാരിക നവോത്ഥാനം സ്ഥായിയോ?**

ഈ ഘട്ടത്തിൽ, ഒരു സംശയം ചിലരെങ്കിലും ഉന്നയിച്ചേക്കാം: സാംസ്കാരിക മാറ്റങ്ങൾ സ്ഥായിയായിരിക്കുമെന്ന് ഉറപ്പുണ്ടോ? ഒരു ഉറപ്പുമില്ല എന്നുതന്നെയാണ് ഉത്തരം. മതസ്ഥാപകരും സാമൂഹ്യപരിഷ്ക്കർത്താക്കളും നവോത്ഥാന നേതാക്കളും രൂപപ്പെടുത്തിയ സാംസ്ക്കാരികമാറ്റങ്ങളും ജീവിതശൈലികളും കാലക്രമേണ ക്ഷയിക്കുകയും അധർമ്മം വീണ്ടും വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും, സാംസ്ക്കാരിക മുന്നേറ്റങ്ങളുടെ സ്വാധീനം കുറച്ചെങ്കിലും സമൂഹങ്ങളിൽ ഒരു 'റസിഡ്യു' പോലെ നിലവിൽക്കാതിരിക്കയില്ല. സ്ഥിതി മുമ്പത്തെപ്പോലെ തീർത്തും മോശമായാൽ പിന്നെയുമൊരു സാമൂഹ്യനവോത്ഥാനം ആവശ്യമായി വന്നേക്കാം. അതുകൊണ്ടുതന്നെയാണല്ലോ, ദൈവപരിപാലനയിൽ കാലാകാലങ്ങളിൽ വിശുദ്ധരും ആത്മീയനേതാക്കളും അവതാരപുരുഷന്മാരും സാമൂഹ്യപരിഷ്ക്കർത്താക്കളും വിവിധ സമൂഹങ്ങളിൽ ഉയർന്നുവരുന്നത്.

**(അവസാനിച്ചു........)**

## വേട്ടക്കാരും ഇരകളും

### നായകനോ വില്ലനോ?

അവധിക്കു നാട്ടിലേക്കു തിരിച്ച രണ്ടു മലയാളി വിദ്യാർഥികൾ ട്രെയിനിൽ ക്രൂരമായി ആക്രമിക്കപ്പെട്ടു... ഒരു വിദ്യാർഥിക്കു പ്ലാസ്റ്റിക് സർജറി നടത്തേണ്ടി വന്നു... മറ്റൊരു വിദ്യാർഥിയുടെ ദേഹത്തു നൂറ്റിയൻപതോളം മുറിവുകൾ. സംഭവം നടന്നതു സേലത്തു നിന്ന് ഈറോഡ് വരെയുള്ള ട്രെയിൻ യാത്രയ്ക്കിടയിൽ. വേട്ടക്കാരും ഇരകളും മലയാളി വിദ്യാർഥികൾ. നമ്മുടെ കുട്ടികൾ പാലക്കാടു കഴിഞ്ഞ് എന്തേ ഇങ്ങനെ അതിരു കടക്കുന്നു...

തമിഴ്നാട്ടിൽ, പ്രത്യേകിച്ചു സേലം, ഈറോഡ്, കോയമ്പത്തൂർ ഭാഗങ്ങളിലെ കോളജുകളിലേക്കുള്ള വിദ്യാർഥികളുടെ യാത്രയ്ക്ക് അകമ്പടിയാകുന്നത് ഇപ്പോൾ ഭീതിയുടെ ചൂളംവിളികളാണ്. സീനിയേഴ്സ് ജൂനിയേഴ്സിനെ ആക്രമിക്കുക, വിദ്യാർഥികൾ തമ്മിൽ ഏറ്റുമുട്ടുക, കേട്ടുപരിചയമുള്ള റാഗിങ് വാർത്തകളിൽ നിന്നു ക്രൂരമായ ആക്രമണങ്ങളിലേക്കു വിദ്യാർഥികൾ വഴിമാറിയിരിക്കുന്നു. ഇവിടെ ഇരയും വേട്ടക്കാരും മലയാളികൾ തന്നെ. ഇതേക്കുറിച്ച് അന്വേഷിക്കാനിറങ്ങിയപ്പോൾ ഈറോഡ് പൊലീസ് സ്റ്റേഷനിലെ ഒരു പൊലീസ് ഉദ്യോഗസ്ഥൻ പറഞ്ഞതിങ്ങനെ: 'കേരള പസങ്ക റൊമ്പ ഡേഞ്ചറസ് (കേരളത്തിൽ നിന്നുള്ള വിദ്യാർഥികൾ അപകടം പിടിച്ചവർ). ഈറോഡിൽ നടന്ന ആക്രമണത്തെക്കുറിച്ചു ചോദിച്ചപ്പോൾ ക്വട്ടേഷൻ സംഘങ്ങൾ പോലും ഇങ്ങനെ ചെയ്യില്ലെന്നായിരുന്നു നാട്ടുകാരുടെ കമന്റ്.

സേലം, ഈറോഡ്, കോയമ്പത്തൂർ പ്രദേശങ്ങളിലെ വിദ്യാർഥികളിൽ ഏറിയപങ്കും മലയാളികളാണ്. ഇവരുടെ പ്രധാന യാത്രാമാർഗം ട്രെയിനും. പുതിയ റാഗിങ് നിയമം നിലവിൽ വന്നതിനു ശേഷം കോളജുകൾ വിദ്യാർഥികൾക്കു മേലുള്ള നിയന്ത്രണം കർശനമാക്കി. ട്രെയിനിലെ ഗ്രൂപ്പ് യുദ്ധം ഇതോടെ കൂടുതൽ ശക്തമായി. അവധിക്കാലത്തു നാട്ടിലേക്കുള്ള യാത്രയിലാണു തർക്കങ്ങൾ പ്രധാനമായും നടക്കുന്നത്. ട്രെയിനിലെ ജനറൽ കംപാർട്മെന്റിലാകും വിദ്യാർഥികളിൽ പലരുടെയും യാത്ര. ജനറൽ കംപാർട്മെന്റ് ആയതിനാൽ റയിൽവേ സംരക്ഷണ സേനയുടെ സാന്നിധ്യം പലപ്പോഴും ഉണ്ടാകാറില്ല. ഏറ്റവും കൂടുതൽ കോളജുകൾ ഉള്ളതു സേലം, ഈറോഡ് പ്രദേശങ്ങളിലാണ്. ഇവർ കൂടുതലും ഈറോഡ് സ്റ്റേഷനെയാണ് ആശ്രയിക്കുന്നത്. ദീർഘദൂര ട്രെയിനുകൾക്ക് ഉൾപ്പെടെ ഈറോഡിൽ അരമണിക്കൂറോളം സ്റ്റോപ്പ് ഉള്ളതിനാൽ സേലത്തു നിന്നു കയറുന്ന വിദ്യാർഥികളുമായി ഒന്നിച്ചുകൂടാനും സമയം ലഭിക്കുന്നു. മദ്യപിച്ചുള്ള വഴക്കുകളും കുറവല്ലെന്നാണു പൊലീസ് പറയുന്നത്. തങ്ങളുടെ മക്കളിൽ ചലരുടെ 'പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ചു രക്ഷിതാക്കൾ അറിയുന്നുണ്ടോ?

'എന്റെ മോനെ എനിക്കറിയാം, അവൻ വേണ്ടാത്ത മാർഗത്തിലൊന്നും പോകില്ല- സേലത്തു പഠിക്കുന്ന മകന്റെ കാര്യം ഒരു അച്ഛനോടു ചോദിച്ചപ്പോൾ കിട്ടിയ മറുപടിയാണിത്. രക്ഷിതാക്കളുടെ ഈ വിശ്വാസമാണു പല വിദ്യാർഥികളും ചൂഷണം ചെയ്യുന്നത്. ആവശ്യത്തിനു പണം വീട്ടിൽ നിന്നു കിട്ടുന്നതിനു പുറമേ മറ്റ് ആവശ്യത്തിനും പണം കണ്ടെത്താൻ ഇവർ ശ്രമിക്കാറുണ്ട്. ഇതിൽ ഒരു മാർഗം ജൂനിയർ വിദ്യാർഥികളിൽ നിന്നു പണം തട്ടിയെടുക്കലാണ്. ഈറോഡിൽ പഠിക്കുന്ന തന്റെ മകൾക്ക് അയച്ചുകൊടുക്കുന്ന പണം പലപ്പോഴും തികയാതെ വന്നപ്പോൾ കാരണം അന്വേഷിച്ച അച്ഛനോടു കരഞ്ഞുകൊണ്ട് അവൾ പറഞ്ഞതു സീനിയർ വിദ്യാർഥികൾ നിർബന്ധിച്ച് എടിഎമ്മിൽ നിന്നു പണം എടുപ്പിക്കാറുണ്ടെന്നാണ്. പരാതിയുമായി അച്ഛൻ കോളജിലെത്തിയപ്പോൾ കോളജിനു വെളിയിൽ നടക്കുന്ന കാര്യങ്ങളായതിനാൽ ഇടപെടുന്നതിൽ പരിധിയുണ്ടെന്നും സീനിയേഴ്സിനെ ശാസിക്കാമെന്നുമാണ് അധികൃതർ പറഞ്ഞത്. പക്ഷേ, അങ്ങനെ നടന്നാൽ കുട്ടിയുടെ പഠനത്തെ ബാധിക്കുമെന്നു ഭയപ്പെട്ട അച്ഛൻ പരാതി പിൻവലിച്ചു മടങ്ങി. ''ലോഗരിതം ടേബിളിന്റെ കാലൊടിഞ്ഞു, നന്നാക്കാൻ പൈസ വേണം''എന്നു വീട്ടിൽ പറഞ്ഞു ചെറിയ തുകകൾ പറ്റിച്ചിരുന്ന കാലത്തുനിന്നു ടെക്നിക്കൽ ജാർഗണുകൾ വാരിവിതറി വൻതുകകൾ കൈപ്പറ്റുന്ന ഹൈടി തട്ടിപ്പുകളിലേക്ക് എത്തിയ ചിലരെങ്കിലും ഉണ്ട്. എന്തേ നമ്മുടെ കുട്ടികളിങ്ങനെയെന്ന് അന്വേഷിച്ച് ഈറോഡ്, സേലം, തിരുപ്പൂർ, കോയമ്പത്തൂർ ഭാഗങ്ങളിലെ പൊലീസ് സ്റ്റേഷനുകളിലും റയിൽ സംരക്ഷണസേനാ ഓഫിസുകളിലും നടത്തിയ അന്വേഷണത്തിൽ കേട്ട ചില കഥകൾ ഞെട്ടിക്കുന്നതാണ്.

## നമുക്കും പ്രായമാവില്ലേ?



മാതാപിതാക്കളെ ബഹുമാനിക്കാത്തവരും അവരെ ശുശ്രൂഷിക്കാത്തവരും സ്വന്തം മക്കളിൽ നിന്നും ആ ഗുണങ്ങൾ പ്രതീക്ഷിക്കുമോ?

ഒന്നും ശാശ്വതമല്ല ...... മാറ്റംപോലും എന്ന ഗ്രീക്ക് തത്വചിന്തകനായ പെർമെനിഡസ് പറയുകയുണ്ടായി. നമ്മുടെ ദു:ഖങ്ങളോ സന്തോഷങ്ങളോ ജീവിതമോ ശാശ്വതമല്ല. ഈ പ്രപഞ്ചംപോലും മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുയാണ്. എല്ലാം കടന്നുപോവുന്ന തിരിച്ചറിവിലേക്ക് കടന്നുവരുമ്പോൾ ജീവിതത്തെക്കുറിച്ച് മനുഷ്യർ ഗൗരവപൂർവ്വം ചിന്തിക്കാൻ തുടങ്ങും. മനുഷ്യജീവിതം മാറ്റത്തിന്റെ കലവറയാണ്. ജീവിതം നഷ്ടപ്പെടലുകളുടെ, ഉപേക്ഷിക്കലുകളുടെ ഒരു ശൃംഖല തന്നെയാണ്. ശൈശവത്തിൽ നിന്ന് ബാല്യത്തിലേക്കും ബാല്യത്തിൽനിന്ന് കൗമാരത്തിലേക്കും കൗമാരത്തിൽ നിന്ന് യുവത്വത്തിലേക്കും യുവത്വപ്രസരിപ്പിൽ നിന്ന് വാർധക്യത്തിലേക്കും, ഒടുക്കം മരണമെന്ന അപരിചിതനോടൊപ്പം പ്രയാണം ചെയ്യും.

വൃദ്ധയായ അമ്മയെ പുഴയിൽ തള്ളിയിട്ട് കൊല്ലാൻ ശ്രമിച്ച മകനെപ്പറ്റിയും പിതാവിനെ തലയ്ക്കടിച്ച് കൊന്ന മകനെപ്പറ്റിയുമൊക്കെയുള്ള വാർത്തകൾ പത്രത്തിൽ കണ്ടപ്പോൾ ഏറെ വേദന തോന്നി. മുതിർന്നവരെ ബഹുമാനിക്കുകയും അവരോട് അനുവാദം വാങ്ങുകയും ചെയ്യുന്ന ഒരു തലമുറ, അധ്യാപകർ വരുമ്പോൾ ആദരപൂർവം മുണ്ടിന്റെ മടക്കിക്കുത്ത് താഴ്ത്തി ബഹുമാനപരസരം എഴുന്നേറ്റുനിന്നിരുന്ന ഒരു തലമുറ ഇന്നു ഓർമകളായി ചുരുങ്ങുന്നുണ്ടോ? മാതാപിതാക്കളെ തനിച്ചാക്കി സുഖമായി അന്യനാടുകളിൽ അടിച്ചുപൊളിച്ചു ജീവിക്കുന്നവരുടെ പോക്ക് എവിടെയ്ക്കാണ്?

### മറന്നുപോകുന്ന പാഠങ്ങൾ

സ്വന്തം മക്കളെ പൊന്നുപോലെ ലാളിക്കുകയും അതേ മക്കളുടെ മുന്നിൽവച്ച് വൃദ്ധരായ മാതാപിതാക്കളെ നിന്ദിക്കുകയും ചെയ്യുന്നവർക്ക്, വാർധക്യത്തിൽ മക്കളിൽ നിന്ന് അതിനപ്പുറം പ്രതീക്ഷിക്കാനാവുമോ? ഇക്കൂട്ടർ ഒരു കാര്യമറന്നും പോകുന്നു, ഞാൻ വീട്ടിലെ പ്രായമായവരോട് കാണിക്കുന്നത് കണ്ടു പഠിക്കുന്ന കുട്ടികൾ എന്നോടും അങ്ങനെയേ പെരുമാറ്.

മനുഷ്യന്റെ ചിന്തകൾ വിചിത്രങ്ങളാണ്. ശിശുആയിരിക്കുമ്പോൾ പ്രായമുള്ളവനാകുവാനും വാർധക്യത്തിൽ നഷ്ടപ്പെട്ട ബാല്യകാല സ്മരണകൾ അയവിറക്കി അതിലേക്ക് തിരിച്ചുവരാനും ആഗ്രഹിക്കുന്നവരാണ് മനുഷ്യർ. ഒരു മനുഷ്യനും ആഗ്രഹിക്കാത്ത ഒന്നാണ് വാർധക്യം. ആരോഗ്യം നശിച്ച്, സൗന്ദര്യം നഷ്ടപ്പെട്ട് രോഗങ്ങൾക്കടിമയായി, മറവി കൂടപ്പിറപ്പായുള്ള ജീവിതം. പ്രായമാകുന്നതോടെ ചിലർ മുൻകോപം, വാശി എന്നിവയ്ക്കടിമകളാകുന്നു. ചിലർ മറവി രോഗങ്ങൾക്കും, അതുപോലെ വാർധക്യത്തിൽ ഉണ്ടാകാവുന്ന മാനസിക സംഘർഷങ്ങൾ വലുതാണ്. ഒരിക്കലും മറക്കാൻ പറ്റാത്ത ശൈശവവും കർമനിരതനായി ജീവിച്ച ചെറുപ്പകാലവും സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ പ്രയത്നിച്ച യൗവനവും വിവിധ കർമവീഥികളിൽ അധികാരത്തോടുകൂടി വാണ ഭൂതകാലവുമെല്ലാം ഓർമയായി മാറുന്ന കാലഘട്ടമാണ് വാർധക്യം.

പ്രായമായവരോട് ഇടപെടുമ്പോൾ നാളെ നമുക്കും ഈ അവസ്ഥയാണ് വരാൻ പോകുന്നതെന്ന് ഓർക്കണം. ഒരു പക്ഷേ സമൂഹത്തിൽ ഞാൻ കാണുന്ന പ്രായമായവരെക്കാൾ വേദനാജനകമായിരിക്കാം എന്റെ വാർധക്യം. ഈ ചിന്ത പ്രായമായവരെ ബഹുമാനിക്കാനും മക്കളെ അവരെ ബഹുമാനിച്ച് വളർത്താനും നമ്മെ പ്രാപ്തരാക്കും. "വൃദ്ധരെ നിന്ദിക്കരുത്, നമുക്കും പ്രായമാവുകയല്ലേ? " (**പ്രഭാ. 8:6**)

### അഭയകേന്ദ്രങ്ങളിലെ വിങ്ങലുകൾ

സംസ്ഥാനത്തു ദിനംപ്രതി നിരവധി സ്ത്രീകളാണ് ആശ്രയമറ്റു തെരുവിലെത്തുന്നത്. ഇവരുടെ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കേണ്ടതു സർക്കാരാണ്. ഇതിനായാണു സംസ്ഥാനത്തു മഹിളാമന്ദിരങ്ങൾ സ്ഥാപിച്ചത്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർധിച്ച സാഹചര്യത്തിൽ ഈ സ്ഥാപനങ്ങൾക്കു പ്രാധാന്യം ഏറെയാണ്. നിരാലംബരായ സ്ത്രീകളെ ഇവിടെ എത്തിക്കുന്നതല്ലാതെ ഇവർക്ക് എന്തു സംഭവിച്ചുവെന്ന് ആരും തിരക്കാറില്ല. അന്യസംസ്ഥാനക്കാരുൾപ്പെടെ നൂറുകണക്കിനു സ്ത്രീകളാണു സംസ്ഥാനത്തെ മഹിളാമന്ദിരങ്ങളിൽ കഴിയുന്നത്. അമ്പതു വർഷം മുമ്പ് സ്ഥാപിച്ച ഈ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം എന്താണ്? ഇവിടത്തെ അന്തേവാസികളുടെ അവസ്ഥയെന്ത്? ഇവർക്കു പുനരിധിവാസം ഉറപ്പാക്കാനായിട്ടുണ്ടോ?

നിരാശരായ സ്ത്രീകളുടെ സംരക്ഷണത്തിന് 1961ൽ സ്ഥാപിച്ചതാണു മഹിളാമന്ദിരങ്ങൾ ഇവരുടെ പുനരിധിവാസമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആശ്രയം ആവശ്യമുള്ള സ്ത്രീകൾക്കു നേരിട്ടെത്തിയാൽ സംരക്ഷണം നൽകണമെന്നാണു വ്യവസ്ഥ. ഗാർഹിക പീഡനക്കേസുകളുമായി ബന്ധപ്പെട്ടു നിരവധി സ്ത്രീകളാണു മഹിളാമന്ദിരങ്ങളിലെത്തുന്നത്. കൂടാതെ വിധവകൾ, വിവാഹ ബന്ധം വേർപെടുത്തിയവർ, അഗതികൾ, അലഞ്ഞു തിരിഞ്ഞു നടക്കുന്നവർ, മക്കൾ ഇറക്കിവിട്ടവർ. നാടുംവീടും അറിയാത്തവർ, വികലാംഗർ തുടങ്ങി സംരക്ഷണം ആവശ്യമുള്ള സ്ത്രീകൾ മഹിളാ മന്ദിരങ്ങളിലെത്തുന്നുണ്ട്.അമ്മമാർക്കൊപ്പം ആറുവയസ്സുവരെ ഇവിടെ താമസിക്കാൻ അനുവദിക്കും.

മഹിളാമന്ദിരത്തിന്റെ ഇരുണ്ട അകത്തളങ്ങളിൽ ജീവിതം ഹോമിക്കപ്പെട്ടവർ, ചെയ്യാത്ത തെറ്റിനു ശിക്ഷ അനുഭവിക്കുന്നവർ. അഗതികളായ അവർക്കു പ്രത്യാശയുടെ നുറുങ്ങു വെട്ടംപോലും നൽകാത്ത ജീവിതാവസ്ഥയാണ് മഹിളാമന്ദിരങ്ങളിൽ. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയെക്കാൾ വേദന ജനകമാണ് അവഗണനയുടെ തിക്താനുഭവങ്ങൾ.

### പൊതുശുചിത്വം ഇങ്ങനെ മതിയോ?

സ്വാതന്ത്ര്യം കിട്ടി 65 കൊല്ലം പിന്നിട്ടിട്ടും രാജ്യത്തെ 60 ശതമാനം പേർക്കു പ്രാഥമികാ വശ്യങ്ങൾക്കായി തുറസ്സായ പറമ്പ് മാത്രമാണ് ആശ്രയം എന്ന വസ്തുത നമുക്ക് അങ്ങേയറ്റം നാണക്കേടാണ്. ഇതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ സമൂഹ ത്തെയാകെ ബാധിക്കുന്നുണ്ട്. പൊതുശുചിത്വക്കുറവ് മൂലമുള്ള രോഗങ്ങൾ രാജ്യത്ത് പത്ത് ലക്ഷത്തോളം പേരുടെ മരണത്തിനിടയാക്കുന്നണ്ടെന്നാണ് കണ ക്കാക്കപ്പെടുന്നത്. ഇവരിലധികവും കുട്ടികളാണ്. 1980 -ൽ ആറാം പദ്ധതിക്കാലത്ത് തുടങ്ങിയതാണ് എല്ലാ വർക്കും പ്രാഥമികാവശ്യ സൗകര്യം ഒരുക്കാനുള്ള നടപടികൾ. 1986 -ൽ കേന്ദ്ര സർക്കാർ ഗ്രാമശുചിത്വ പദ്ധതി ആരംഭിച്ചു. ഈ പദ്ധതികൾ വഴി കുറേപ്പേർക്ക് അടിസ്ഥാന സൗകര്യം നൽകാനായിട്ടുണ്ടെന്നത് ശരിതന്നെ. എന്നാൽ ഇതൊക്കെ കഴിഞ്ഞിട്ടും രാജ്യത്ത് 66 കോടിയോളം പേർക്ക് ഇപ്പോഴും പ്രാഥമി കാവശ്യങ്ങൾക്കുള്ള സൗകര്യം ലഭിക്കുന്നില്ല. ഇന്ത്യക്കാർ കൈവശം വെച്ചിട്ടുള്ള മൊബൈൽ ഫോണുകളുടെ എണ്ണം ഇവിടത്തെ ടോയ്‌ലറ്റുകളുടെ എണ്ണത്തേക്കാൾ കൂടുമെന്നാണ് കണക്കുകൾ നൽകുന്ന സൂചന. ശുചിത്വകാര്യത്തിന് നാം മുൻ ഗണന നൽകുന്നില്ലെന്ന് വ്യക്തം.

### മരണം പേറി ടിപ്പറുകൾ

കഴിഞ്ഞ ഒമ്പത് മാസത്തിനിടയിൽ സം സ്ഥാനത്ത് ടിപ്പർ ഇടിച്ച് മരിച്ചത് 106 പേർ. ടിപ്പർ കൂടുതൽ ജീവനൊടുക്കുന്നത് ഗ്രാമങ്ങളിലാണ്. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ നിയമസഭാ സമിതിക്കായി തയ്യാറാക്കിയ റിപ്പോർട്ടിലാണ് കഴിഞ്ഞ മൂന്നു വർഷമായി ടിപ്പറുകൾ സൃഷ്ടിക്കുന്ന മരണഭീതിയുടെ കണക്കുകൾ നിരത്തുന്നത്. സംസ്ഥാനത്തെ അപകടങ്ങളിൽ കൊല്ലപ്പെടുന്ന തേറെയും ഇരുചക്രവാഹന യാത്രികരാണ്. പരി ശോധനയില്ലാത്തതും വേഗമാനനിബന്ധനകൾ കാറ്റിൽ പറത്തുന്നതുമാണ് അപകടങ്ങൾ കൂടാൻ കാരണം.

2010 ഏപ്രിൽ മുതൽ 2011 മാർച്ച് വരെ 689 അപകടങ്ങളാണ് ടിപ്പറുകൾ നിരത്തിലുണ്ടാക്കിയത്. ഇതിൽ നഗരത്തിൽ 252 അപകടങ്ങളും ഗ്രാമങ്ങളിൽ 437 അപകടങ്ങളുമുണ്ടായി. 142 പേരുടെ ജീവനാണ് ചതഞ്ഞരഞ്ഞും ചോരവാർന്നും നഷ്ടപ്പെട്ടത്. മാരകമായി പരുക്കേറ്റും അംഗവിഹീനരായും 381 പേർ ജീവിക്കുന്നു.323 പേർക്ക് സാരമായി പരിക്കേറ്റു.

ഏറ്റവും പുതിയ കണക്കെടുപ്പിൽ ഇതുവരെ വർധിച്ച തോതിലുള്ള ടിപ്പർലോറി അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കഴിഞ്ഞ ഒമ്പതു മാസത്തെ കണക്കെടുപ്പിൽ 604 അപകടങ്ങൾ ടിപ്പ റുകൾ നിരത്തിലുണ്ടാക്കിക്കഴിഞ്ഞു. നഗരങ്ങളിൽ 189അപകടങ്ങളും ഗ്രാമങ്ങളിൽ 415 അപകടങ്ങളും . 372 പേരെ മാരകമായി പരിക്കേൽപ്പിച്ച് ശയ്യാ വലംബികളാക്കി 257 പേർക്ക് സാരമായി പരി ക്കേൽക്കുകയും ചെയ്തു. വേഗത 60 കിലോമീറ്ററായി നിജപ്പെടുത്തി വേഗമാനകം ഘടിപ്പിക്കണമെന്നാണ് നിബന്ധന. എന്നാൽ വേഗമാനകവുമായുള്ള ബന്ധം വേർപെടുത്തി ഇവ പായുകയാണ് പതിവ്. നഗരങ്ങളിൽ ജില്ലാ കളക്ടർമാരുടെ നിർദ്ദേശാനുസരണം ടിപ്പറുകൾക്ക് സമയക്ലിപ്തത നിർബന്ധമാക്കി യിട്ടുണ്ടെങ്കിലും അവ പാലിക്കപ്പെടുന്നില്ലെന്നാണ് ഉന്നത പോലീസുദ്യോഗസ്ഥർ പറയുന്നത്.

### മലയാളത്തിന്റെ മഹത്ത്വം

മലയാളം നമ്മുടെ നാടിന്റെ പേരായിരുന്നു. അതു പിന്നീട് നമ്മുടെ ഭാഷയുടെ പേരായി. നാടിനെയും ഭാഷയെയും കുറിക്കുന്ന പദം നമ്മുടെ സവിശേഷമായ ജീവിത സംസ്കാരത്തെക്കൂടി ഉൾക്കൊള്ളുന്നുണ്ട്. അങ്ങനെ മലയാളമെന്നത് ഒരു ഭൂപ്രദേശത്തെയും അവിടത്തെ മൂന്നുകോടിയിലേറെ വരുന്ന ജനങ്ങളുടെ ഭാഷയെയും അവരുടെ സംസ്കാരത്തെയും കുറിക്കുന്ന പദമാകുന്നു.

ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും പഠനഭാഷയും ഔദ്യോഗികഭാഷയും അതാത് മാതൃഭാഷകളാണെന്ന സത്യവും പലരും തിരി ച്ചറിഞ്ഞിട്ടില്ല. ഒരു ലിങ്ക് ലാംഗ്വേജിന്റെ പ്രസക്തിയേ ഇംഗ്ലീഷിനുള്ളൂ. അക്കാര്യത്തിൽ ലോകത്തിലെ ഏത് വികസിത സമൂഹത്തിൽ നിന്നുള്ളവരെയും പിന്തള്ളാൻ മലയാളിക്ക് കഴിയും. കാരണം നിത്യജീവിതത്തിൽ ഇത്രയധികം ഇംഗ്ലീഷ് പദങ്ങളുപയോഗിക്കുന്ന മറ്റാരുമുണ്ടാകില്ല.

അപ്പോൾ പഠിക്കേണ്ടത് മാതൃഭാഷയിൽ തന്നെയെന്ന് വരുന്നു. ഭാഷ പഠിക്കുന്നതിന് സഹാ യകമായ ഒരു ശേഷി ജന്മസിദ്ധമായിത്തന്നെ മനു ഷ്യനുണ്ടെന്ന് ആധുനിക ഭാഷാശാസ്ത്രം പറ യുന്നു.മനുഷ്യന്റെ നാഡിവ്യവസ്ഥ ജന്മനാതന്നെ മാതൃഭാഷായുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നീടുള്ളത് അതിന്റെ വികസനമാണ്. മൂന്ന് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്: മാതൃഭാഷ പഠനം നിർബന്ധമാക്കി നിയമനിർമാണം. അത് വന്നു കഴിഞ്ഞു. മലയാള പഠനം കാലാനുസൃതമാകണം. മലയാളനാട്ടിലെ ഭരണം മലയാളത്തിലാകണം. ഇതിനെല്ലാം മാർഗദർശനം

നൽകാനായി മലയാള സർവകലാശാല വളരണം. അത് ഇനിയും വൈകിക്കൂടാ.

## പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിന് അംഗീകാരം

ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള 22 പുതിയ കർദ്ദിനാൾമാരെ അവരവരിൽ പുതിതായി അർപ്പിക്കപ്പെട്ട ചുമതലകളെയും ദൗത്യത്തെയും പറ്റി ഓർമിപ്പിച്ചുകൊണ്ടു ബനഡിക്ട് പതിനാറാമൻ മാർപാപ്പാ നടത്തിയ പരാമർശങ്ങൾ പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിനു കൂടിയുള്ള അംഗീകാരമാണ്. കർദ്ദിനാൾ പദവി ബന്ധപ്പെട്ട രാജ്യങ്ങൾക്കുകൂടിയുള്ള അംഗീകാരമാണെന്ന മാർപാപ്പയുടെ അഭിപ്രായ പ്രകടനം ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തിനും ഇന്ത്യ പുലർത്തിപ്പോരുന്ന മതേതരമായ സാംസ്കാരിക പാരമ്പര്യത്തിനും കൂടിയുള്ള അഭിനന്ദന വചസാണ്.

കേരളത്തെ സംബന്ധിച്ചടത്തോളം മാർ ആലഞ്ചേരിയുടെ സ്താനാരോഹണം ക്രിസ്തുവിനോടും ക്രിസ്തീയ സമൂഹത്തിനോടും സമൂഹത്തിലെ ആലംബഹീനരോടുള്ള ചുമതലകൾ കൂടുതൽ പ്രതിബദ്ധതയോടെ നിറവേറ്റാനുള്ള അവസരമായാണ് കാണേണ്ടത്.

## എങ്ങനെ വഴി തെറ്റാതിരിക്കും

സിനിമയുടെയും മറ്റു ദൃശ്യമാദ്ധ്യമങ്ങളുടെയും ദു:സ്വാധീനം കൗമാര-യുവമനസ്സുകളെ തെറ്റുകളിലേക്ക് നയിക്കുമെന്ന വാദത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരുമുണ്ട്. ആവിഷ്കാരസ്വാതന്ത്ര്യവും സ്വന്തം പ്രാണനേക്കാൾ വിലമതിക്കുന്നവർ ഒരു കാരണവശാലും ഈ വാദത്തെ അനുകൂലിക്കുകയില്ല. എന്നാൽ നാട്ടിൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെ സംഭ്രമജനകമായ പെരുപ്പം കാണുമ്പോൾ അവയിൽ ചിലതെങ്കിലും വെള്ളിത്തിരയിലോ ടി വി സ്ക്രീനിലോ കണ്ട രംഗങ്ങളെ ഓർമ്മിപ്പിക്കുന്നവയാണെന്നു കാണാം.

സിനിമയോ ടി വിയോ കണ്ടതു കൊണ്ടുമാത്രം ഒരാൾ കുറ്റകൃത്യങ്ങളിലേക്ക് തിരിയണമെന്നില്ല. എന്നാൽ അപൂർവമായെങ്കിലും അതിനു സാദ്ധ്യതയുണ്ടെന്നതിന് ധാരാളം ഉദാഹരണങ്ങൾ ചുറ്റിലുമുണ്ട്. സമൂഹത്തെ ഞെട്ടിച്ച പല കവർച്ചകൾക്കു പിന്നിലും സിനിമാസ്വാധീനമുണ്ടായിരുന്നതായി അവയിലുൾപ്പെട്ട പ്രതികൾ പിന്നീട് സമ്മതിച്ചിട്ടുണ്ട്. ടെലിവിഷൻ സീരിയലുകൾ വഴിതെറ്റിച്ച എത്രയോ പെൺകുട്ടികളുടെ കദനകഥകൾ ഇതിനകം വന്നുകഴിഞ്ഞു. സിനിമയുടെ കാര്യത്തിൽ സെൻസർ ബോർഡ് ഒരു പരിധിവരെയെങ്കിലും രക്ഷാസ്ഥാനത്തുന്നെു സമാധാനിക്കാം. എന്നാൽ ടി വി ഷോകളുടെ കാര്യത്തിൽ ഒരുവിധ നിയന്ത്രണവും ഇല്ല.

ആർക്കും എന്തും കാണിക്കാമെന്ന നിലയായിട്ടും നിയന്ത്രണത്തിനു സമയമായി എന്നുപറയുന്നതല്ലാതെ അതിനുവേണ്ട നിയമ നിർമ്മാണം ഇനിയും ഉണ്ടായിട്ടില്ല.

## എന്തുചെയ്യും ഇങ്ങനെ പോയാൽ?

കേരളസമൂഹം ക്രൂരതയുടെ പര്യായമായി മാറുകയാണ്. അത് പ്രതിഫലിക്കുന്നത് കോളേജുകളിലും സ്കൂളുകളിലും നടക്കുന്ന റാഗിംഗ് എന്ന ഭീകരതയിൽ മാത്രമല്ല. സാമാന്യജനങ്ങളിലും ഈ ക്രൂരതയുടെ അംശം വളരുന്നതിന്റെ ഫ്രതിഫലമാണ് സദാചാര പോലീസ് വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് സഹജീവിയെ തല്ലിക്കൊല്ലുന്നത്.

. കേരളത്തിൽ ജനങ്ങളുടെ പ്രതികരണം സ്ത്രീകളെ പൊതുസ്ഥലത്ത് ആക്രമിക്കുന്നവർക്കെതിരായോ മദ്യപിച്ച് ബഹളമുണ്ടാക്കുന്നതിനെതിരെയോ കൈക്കൂലി വാങ്ങുന്നവർക്കെതിരെയോ അല്ല, മറിച്ച് തങ്ങൾ സൃഷിടിക്കുന്ന ഒരു ആരോപണം ഉയർത്തിയാണ്. ഒരാളെ ഒറ്റയ്ക്ക് – ആണായാലും പെണ്ണായാലും – രാത്രിയിൽ കണ്ടാൽ അവർ അവിഹിതത്തിനോ അല്ലെങ്കിൽ മോഷണത്തിനോ പോകുന്നു എന്ന് ഒരാൾ സംശയിച്ച് ആ സംശയം വിളിച്ചുകൂവി സംഘടിതമായി, വ്യക്തികൾ ആക്രമിക്കപ്പെടുമ്പോൾ വ്യക്തി സ്വാതന്ത്ര്യമാണ് ഹനിക്കപ്പെടുന്നത്. സമൂഹത്തിന് ജാഗ്രത ആവശ്യം തന്നെയാണ്. പ്രത്യേകിച്ച് മോഷണവും മാല കവർന്ന് കൊലപാതകവും മറ്റും വർധിക്കുന്ന സാഹചര്യത്തിൽ പക്ഷെ അത് അനീതിയിലേക്കും അക്രമത്തിലേക്കും വളരാതെ, സംശയിക്കുന്ന ആളെ പിടിച്ച് പോലീസിൽ ഏൽപിക്കുകയാണ് വേണ്ടത്. നിയമം കൈയിലെടുക്കുന്നത് ഇന്ന് കേരളത്തിൽ പലയിടത്തും അരങ്ങേറുന്ന ഒരു പ്രവണതയാണ്. കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടെന്ന് സ്വയം കരുതുന്ന മാടമ്പികൾ ഇപ്പോഴും നിയമം കൈയിലെടുക്കുകയും ആജ്ഞാനുവർത്തികളാകാത്തവരെ ആക്രമിക്കുകയും ചെയ്യുന്നു.

മുതിർന്ന തലമുറ ഇങ്ങനെ ആക്രമണോത്സുകരായി മാറുന്നത് കാണുന്ന യുവതലമുറ, അതനുകരിക്കുന്നെങ്കിൽ അവരെ എങ്ങനെ കുറ്റം പറയും. ഇന്ന് ഗുണ്ടായിസം ഒരു യോഗ്യതയാണ്– രാഷ്ട്രീയ പ്രവേശനത്തിനുള്ള പാസ് മാത്രമല്ല, രാഷ്ട്രീയ പിന്തുണ നേടാനുള്ള മാർഗവും കൂടിയാണ്. നേതാവകാനുള്ള ത്വര ഇന്ന് കൗമാര തലമുറയിലും വളരുമ്പോൾ റാഗിംഗ് കോളേജ് തലത്തിൽനിന്ന് ഹൈസ്കൂൾ തലത്തിലേക്ക് എത്തുന്നു. അങ്ങനെ ഇന്ന് റാഗിംഗ് എന്നത് ഒരു അവകാശമായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്.

കേരളം ഇങ്ങനെയായിത്തീരുന്നതിന് പല കാരണങ്ങളും സാമൂഹിക, മാനസിക ശാസ്ത്രജ്ഞർ നിരത്തുന്നു. ഇന്ന കുടുബബന്ധങ്ങൾ ശിഥിലമാകുന്നത് വർധിച്ചു കൊണ്ടിരിക്കുന്ന നാടാണ് കേരളം എന്ന് കുടുംബ കോടതികളും മന:ശാസ്ത്രജ്ഞരും സ്ഥിരീകരിക്കുന്നു. ഇന്ന് കുടുംബം എന്ന വ്യവസ്ഥയിൽ ഓരോരുത്തരും ഓരോ ദ്വീപായി മാറുമ്പോൾ പരസ്പര ആശയവിനിമയം അപ്രത്യക്ഷമാകുമ്പോൾ കുട്ടികളുടെ സ്വഭാവം രൂപികരിക്കുന്നത് ചുറ്റുപാടുകളാണ്.

## കൃത്രിമ ഗർഭധാരണ മാർഗ്ഗങ്ങൾ പാടില്ല: മാർപാപ്പാ

കൃത്രിമ മാർഗങ്ങളിലൂടെയുള്ള ഗർഭധാരണത്തിൽ നിന്നു മാറി നിൽക്കാൻ വന്ധ്യത ബാധിച്ച ദമ്പതികളോട് ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ ആഹ്വാനം. അംഗീകരിക്കാവുന്ന ഏക ഗർഭധാരണ മാർഗം വിവാഹബന്ധത്തിലൂടെയുള്ളതാണ്. കൃത്രിമ ഗർഭധാരണ മാർഗങ്ങൾ ദുരഹങ്കരമാണ്. റോമിൻ നടന്ന വന്ധ്യതയെ സംബന്ധിച്ച സമ്മേളനത്തിൽ ഐവിഎഫ് പോലുള്ള മാർഗങ്ങളെ പരാമർശിച്ച് മാർപാപ്പാ പറഞ്ഞു. ദമ്പതിമാരുടെ ശാരീരിക ബന്ധം സ്നേഹത്തിൽ അധിഷ്ഠിതമാണ്. അത് വെറും ശാരീരികമല്ല. ആത്മീയം കൂടിയാണ്. എന്നാൽ സ്രഷ്ടാവിന്റെ സ്ഥാനം ഏറ്റെടുക്കുന്നത് ധാർഷ്ട്യമാണ്. അതിനാൽ കൃത്രിമ ഗർഭധാരണമാർഗങ്ങൾ പ്രചരിപ്പിക്കുന്നതിൽ നിന്ന് മാറിനിൽക്കാൻ സമ്മേളനത്തിൽ പങ്കെടുത്ത സ്പെഷലിസ്റ്റുകളോടു മാർപാപ്പാ അഭ്യർഥിച്ചു.

## പിടിവിട്ടുപോകുന്നുവോ, കേരളത്തിന്റെ ക്രമസമാധാനം

വളരെ അപകടകരമായ അവസ്ഥയിലാണു കേരളത്തിന്റെ ക്രമസമാധാനനില. കാഞ്ഞങ്ങാട്ടു മുതൽ പൂന്തുറവരെ ആവർത്തിക്കുന്ന സംഘട്ടനങ്ങളും അതിനെത്തുടർന്നു ദിവസങ്ങളും മാസങ്ങളും നീളുന്ന സംഘർഷങ്ങളും സാധാരണക്കാരുടെ സൈരജീവിതം തകർക്കുന്നു. പൊലീസ് ഹെഡ് ക്വാർട്ടേഴ്സിന്റെ വിളിപ്പുറത്ത് പൂന്തുറയിൽ ഇരു വിഭാഗം ആളുകൾ ഏറ്റുമുട്ടി. കാസർകോഡ് ജില്ലയിൽ ജനങ്ങൾ സ്വസ്ഥമായി ഉറങ്ങിയിട്ട് മാസങ്ങളായി. കണ്ണൂരിലും തലശേരിയിലും നാദാപുരത്തും ഏതു നിമിഷവും അക്രമം എന്ന അവസ്ഥയുണ്ട്. മുക്കത്തും പെരുമ്പാവൂരിലും എറണാകുളത്തും സദാചാര പൊലീസ് ചമഞ്ഞ് അക്രമികൾ അഴിഞ്ഞാടി. ആഭ്യന്തര വകുപ്പു കൈയാളുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ സ്വന്തം നഗരമായ കോട്ടയത്തു പട്ടാപ്പകൽ പോലും കൊലപാതകങ്ങൾ അരങ്ങേറി. ആലപ്പുഴയിൽ ദേവസ്വം ബോർഡ് നടത്തിയ എഴുത്തു പരീക്ഷാഹാളിലേക്ക് ഏതാനും ചിലർ അതിക്രമിച്ചു കയറി ചോദ്യക്കടലാസും ഉത്തരക്കടലാസും ബലമായി പിടിച്ചെടുത്തു നശിപ്പിച്ചു. ആതുരാശുശ്രൂഷാ രംഗത്ത് ആശങ്ക ഉണർത്തി നഴ്സുമാർ നടത്തുന്ന സമരം പലേടത്തും അക്രമാസക്തമായി. തിരുവനന്തുപുരത്ത് സെക്രട്ടേറിയേറ്റിലേക്ക് ഇരച്ചു കയറി എസ്ഡിപിഐ പ്രവർത്തകർ അക്രമം നടത്തി.

ഇതൊന്നും മുൻകൂട്ടി അറിയാൻ കേരള പൊലീസിൽ സംവിധാനങ്ങളില്ലേ? അതിനുവേണ്ടി സജ്ജമാക്കിയിട്ടുള്ളതാണ് പൊലീസിലെ ഇന്റലിജൻസ് സംവിധാനങ്ങൾ. എന്നാൽ പൊലീസിന് ഇന്റലിജൻസ് വീഴ്ച സംഭവിക്കുന്നു എന്നു പൊലീസ് മേധാവി തന്നെ സമ്മതിക്കുന്നു. ഇത്തരം വീഴ്ചകൾക്കു വലിയ വില നൽകുകയാണു സംസ്ഥാനത്തെ ജനങ്ങൾ എന്നു പൊലീസ് സേനയും അതിനു നേതൃത്വം നൽകുന്ന ഉമ്മൻ ചാണ്ടിയും തിരിച്ചറിഞ്ഞേ മതിയാകൂ.

## Archbishop says Syria is locked in 'murderous stalemate'



An archbishop in Syria has described how the country is "locked in a murderous stalemate" and has told how his people say farewell to one another after Sunday Mass uncertain if they will meet again.

## Bishop urges faithful to face 'the reality of hell' in Lent



The Bishop of Shrewsbury will urge Catholics to confront the "terrifying reality" of hell in a Lenten pastoral letter. Quoting from the Catechism of the Catholic Church, Bishop Mark Davies will remind his flock of the "terrifying reality of which the Gospel repeatedly speaks: 'immediate and everlasting damnation'". "For 'to die in mortal sin without repenting and accepting God's merciful love,' the Catechism explains, 'means remaining separated from him forever by our own free choice.' Yes, this is the real and everlasting choice of our lives," he will say. Bishop Davies will also encourage the faithful to regain their "perspective of eternity" during Lent.

## Gospel Trail Springs To Life In The Holy Land


A new project launched by Jews and Christians in the Holy Land offers pilgrims the chance to walk the land of the Bible in the footsteps of Jesus and experience the places where he lived and ministered.'This is a unique opportunity' to connect with 'the beginning of Christianity,' project manager Amir Moran told CNA in Nazareth. The 'Gospel Trail,' which has been open to the public since November of last year, follows historical paths that Jesus took when he left his childhood home of Nazareth and began his ministry around Capernaum near the Sea of Galilee. When you walk on these trails with these sites and these landscapes you feel just like' the disciples, Moran said, noting that the initiative officially launched at a Nov. 29 ceremony held by local Church leaders. The project manager, who is Jewish, said the idea for the trail came to him about 10 years ago. Over the course of three treks along the Christian pilgrimage route the Camino de Santiago (Way of St. James), Moran felt even more of an impetus to create the trail.

The primary route begins at Mount Precipice, mentioned in Luke 4:28-30, which recounts the people of Nazareth attempting to drive Christ off a cliff in response to his teachings. This route also winds through the Jezreel Valley, passes through the Beit Qeshet Oak Reserve, and skirts the cliffs of 1,000 ft.-tall cliffs of Arbel Mountain, before going by Magdala, Tabgha and Capernaum. A secondary route includes Mount Tabor and the Church of the Transfiguration, the town of Cana, the extinct volcano Karnei Hattin (the Horns of Hattin), Mount Arbel and the Mount of Beatitudes. Both routes culminate at the Sea of Galilee, where Gospel Trail participants will conclude their spiritual journey at the Sea of Galilee. A special dock on the shoreline was also created to provide areas for prayer and inspirational solitude. Overall, the project has been 'a great joy' from start to finish, Moran said, urging those interested to look into visiting.

## Italian Astronaut Glimpsed God's Beauty While In Space

The Italian astronaut who spoke to Pope Benedict XVI from space says that being in orbit inspires deep contemplation and raises the mind and heart to God. 'It's the beauty,' Roberto Vittori told CNA, 'the beauty of the earth seen from space, the beauty of nature, the beauty of the blue planet,' which show 'there must be something beyond science and technology. During the 18-minute conversation the Pope asked the Italian astronaut if 'in the midst of your intense work and research' did he ever 'stop to reflect like this or perhaps say a prayer to the Creator? Vittori informed the Pope that 'I do pray for me, for our families, for our future. 'A video conference is something standard on board the International Space Station,' Vittori explained, but he added that 'that video conference nevertheless was special. 'That type of opportunity was perceived as special, not only for the technicality, for the beauty of the scenario, but also for the depth of the messages that were filtering through the radio from the Vatican.'

## 95-year-old woman gets out of coffin after death



A Chinese woman who was thought to have passed away woke up six days after she had supposedly died. 95-year- old Li Xiufeng was found in bed motionless and not breathing by a neighbour two weeks after tripping and suffering a head injury at her home in Beiliu, Guangxi Province. When the neighbour could not wake her up, they feared the worst and thought the elderly woman had died. She was placed in a coffin, which was kept in her house unsealed under Chinese tradition for friends and relatives to pay respects. But the day before the funeral, neighbours found an empty coffin, and later discovered that the woman had woken up, and was in her kitchen cooking.

## Getting Kids, Youths Interested In Adoration



It's not as difficult as one thinks, says Fr Antoine Thomas, who promotes children's Eucharistic adoration "You see, they put Jesus in that little box over there and He's all alone. Can you tell your mommy, 'After we finish our shopping, can we drop by the church to visit Jesus in His little box?'" This was one intriguing suggestion. Fr Antoine Thomas gave on how adults can get children interested in Eucharistic adoration.

## Murder in the classroom: questions and lessons

I could not believe what I had heard: A ninth standard student stabbed his teacher to death inside class room . When I heard where it happened, my heart sank. No one would have imagined such a gruesome event could take place at St Mary's Anglo-Indian Higher Secondary school, run by a wonderful group of Salesians, in the heart of Chennai.

Everyone in the school - the management, her colleagues, parents and students – affirm that the victim, Uma Maheswari, was a capable, committed teacher who,whenever needed, would spend her money to buy food for her students. What was her mistake? According to the student's own statement made to the police, he was upset with the remarks the teacher wrote in his school diary that he was not doing well in Hindi. This is an old practice that many schools follow to inform the parents about their ward's performance and progress.

Is this such a heinous crime that would make a 15-year-old stab his teacher 14 times? The boy, a Muslim, is said to be a quiet boy from a well-to-do family. He reportedly received a hundred rupees every day for pocket money. Scolded by his parents for his performance, he was worried that he might fail in Hindi. He reportedly told the police that what gave him the idea was a recent Hindi movie that he watched repeatedly – Hritik Roshan's Agnipath.

Ever since this happened, the local media have posed to educators, child psychologists, teachers, parents and students themselves the central questions this shocking murder raises: What is wrong? Who or what is responsible for such a crime? What should be done?

The Indian education system has failed in instilling values in students as it rewards marks and not how good a human being the student is becoming. In this system, marks are more important than the student's knowledge, intelligence and talents, and even behavior. So the students are focused on getting more marks – not knowing more, not developing their talents, not becoming good humans. Just more marks. As part of the new education policy mandated by the new RTE (Right To Education) law, no student can be sent out of the school for any reason. No student should be detained in any class up to the ninth standard. No corporal or psychological punishment whatever. All these are good norms by themselves born of good intentions. But what are the unintended

consequences? Unless the student is self-motivated, there is no way the school or the teacher or the parent can motivate him to learn whatever he needs to before he moves up to the next standard. For such students who keep moving up without learning much, ninth standard becomes a nightmare, as they have to face exams for the first time.

Most schools worry about the student's academic life, ignoring his qualities, emotions and psychological problems. So schools need not merely good teachers, but also good, trained counselors. Adopting the mentoring system may be helpful in the present scenario. This means a teacher will also be a mentor – a caring, concerned guide.

Yoga, meditation and good books will also help. Schools should have a compulsory module on stress management. They need a mechanism to identify and resolve violent streaks in students. In this case, how is it that the boy's parents never knew the mood of their son who had carried a knife to the school for three days, looking for the right time to attack his teacher? How is it they never sensed the aggression boiling within his heart? How is it they never thought of the possible impact of a violent film that he kept watching in his room?

If parents remain as ignorant as teachers and classmates of their son's inner turmoil that makes him a determined killer, then they are not really parents. Parents should find more time for their children and get to know their joys and problems and actively and promptly help them to deal with whatever troubles them.

It is not enough that teachers inform the management and parents of the student's lack of progress. It is important that they come across to everyone, especially the struggling students, as concerned, caring guides. Students today are under immense pressure. Many of them grow in a negative environment due to dysfunctional families, abusive parents, exaggerated expectations from parents and teachers, bullying and peer pressure in the school. What they may seek to escape from the stress caused by all these – films, video games and cell phones – may harm them instead of helping them. The student who is not able to handle the pressure or even talk about it is so frustrated that he thinks of suicide or harming others.

Not all children learn the wrong lessons from media. But movies that show gangsters to be cool, or video games where winning depends on the number of people you can gun down, or websites that teach people how to die or kill can act as dangerous triggers to troubled students. The shocking murder at St Mary's has made the entire nation discuss all such issues. A committed teacher is dead but she has turned the focus on things that we may have ignored for years.

# സ്വവർഗ്ഗരതി നിയമാനുസൃതമാക്കരുത്

സ്വവർഗരതി നിയമവിധേയമാക്കുന്നത് നിയമവൃത്തങ്ങളിലും സാമൂഹികരംഗത്തും വളരെയധികം കോളിളക്കം സൃഷ്ടിച്ചുക്കൊണ്ടിരിക്കുന്ന ഒരു വിഷയമാണ്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പ് എടുത്തുകളഞ്ഞുകൊണ്ടുള്ള ദില്ലി ഹൈക്കോടതി വിധിക്കെതിരെയുള്ള അപ്പീൽ സുപ്രീം കോടതി പരിഗണിക്കുന്ന അവസരമാണിത്. പരസ്പര സമ്മതത്തോടെയുള്ള സ്വവർഗ്ഗവേഴ്ച നിയമവിധേയമാക്കാൻ വേണ്ടി, സ്വവർഗാനുരാഗികളുടെ സംഘടന സമർപ്പിച്ച ഹർജിയാണ് ദില്ലി ഹൈക്കോടതി മേൽപ്പറഞ്ഞ തരത്തിൽ നിയമനിർമ്മാണം നടത്താൻ ഇന്ത്യ ഗവൺമെന്റിനു നിർദ്ദേശിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചത്.

വളരെയധികം വിമർശനങ്ങളും സമ്മിശ്രപ്രതികരണങ്ങളും ഈ വിധി ഉളവാക്കി. സ്വവർഗാനുരാഗികളും അവരുടെ സംഘടനകളും ഈ വിധി ഒരു വൻവിജയമായും വ്യക്തി സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമായും ഒക്കെ വ്യാഖ്യാനിച്ചപ്പോൾ മതസാമുദായിക സാമൂഹിക സംഘടനകൾ എതിർപ്പായി രംഗത്തെത്തി. ഇവർ വിധിക്കെതിരെ പരമോന്നത നീതിപീഠത്തെ സമീപിച്ചു.

സ്വവർഗരതിക്കെതിരെ സുപ്രീംകോടതിയിൽ ശക്തമായ നിലപാട് സ്വീകരിച്ച സർക്കാർ അഭിഭാഷകന്റെ വാദം മണിക്കൂറുകൾക്കകം തിരുത്തി കേന്ദ്രസർക്കാർ തന്നെ പ്രസ്താവനയിറക്കി. സ്വവർഗരതി അധാർമികവും രാജ്യത്തെ സാമൂഹികക്രമത്തിന് വിരുദ്ധവുമാണെന്ന അഡീഷണൽ സൊളിസിറ്റർ ജനറലിന്റെ നിലപാടാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം മാറ്റിപ്പറഞ്ഞത്. കേസിന്റെയും കേസ് സംബന്ധിച്ച ഗവൺമെന്റിന്റെയും നടപടിക്രമങ്ങളുടെ വിശാദാംശങ്ങൾ ഇതായിരിക്കെ ഇവിടെ പ്രസക്തമാകുന്ന ചില ചിന്തകൾ പങ്കുവയ്ക്കുകയാണ്.

ലൈംഗികത ജീവജാലങ്ങൾക്ക് വംശം നിലനിറുത്തുന്നതിന് പ്രകൃതി നിശ്ചയിച്ചിട്ടുള്ള ഒരു ജൈവിക പ്രക്രിയയാണ്. എന്നാൽ മറ്റ് ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇത് മനുഷ്യന് വളരെ അടിസ്ഥാനപരമായ ഒരു കാര്യമാണ്. മനുഷ്യൻ ശക്തമായ ഒരു വികാരമായി ലൈംഗികതയെ കാണുമ്പോൾതന്നെ അതിന്റെ പ്രയോഗത്തിന് ശക്തമായ നിയന്ത്രണവും നിഷ്കർഷിച്ചിട്ടുണ്ട്. ഭാരതത്തിന്റെ പാരമ്പരഗതമായ കാഴ്ചപ്പാട് ലൈംഗികത പരിപാവനവും, ശരിയായ രീതിയിൽ മാത്രം ഉപയോഗിക്കേണ്ടതുമായ ഒരു കാര്യമാണെന്നതാണ്. പാശ്ചാത്യനാടുകളിൽ നിന്ന് വ്യത്യസ്തമായി ശക്തമായ കുടുംബബന്ധത്തിൽ അധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥിതിയാണ് ഭാരതത്തിൽ നിലനിൽക്കുന്നത്. ഒരു വ്യക്തിയുടെ സമഗ്രവും സത്വരവുമായ വളർച്ചയ്ക്ക് കുടുംബം അനിവാര്യമാണ്. നാനാജാതി മതസ്ഥരും വിശ്വാസങ്ങളും നിലനില്ക്കുന്ന ഭാരതത്തിൽ എല്ലാവരും കുടുംബത്തിന്റെ പ്രാധാന്യത്തിനും പരിപാവനതയ്ക്കും വില കല്പിച്ചിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഏതൊരു നാടിന്റെയും സാമൂഹിക സംസ്കാരികരീതികൾ വളരെ നാളത്തെ ക്രമാനുഗതമായ വളർച്ചയുടെ ഫലമാണെന്നു നമുക്കറിയാം. ഒരു ജീവിയുടെ ആവാസ വ്യവസ്ഥ അതിന്റെ ജീവിതത്തിന് വളരെ അത്യാവശ്യമാണ്. അതിൽ നിന്നു വളരെ പെട്ടെന്നുള്ള മാറ്റം അതിന്റെ ജീവനെത്തന്നെ അപകടത്തിലാക്കും. അന്റാർട്ടിക്കയിൽ ജീവിക്കുന്ന പെൻഗ്വിനെ താർ മരുഭൂമിയിൽ കൊണ്ടുവിട്ടാൽ അതിന് അവിടെ ജീവിക്കാൻ സാധിക്കുകയില്ല. അതുപോലെ ഒട്ടകത്തിന് അന്റാർട്ടിക്കയിലും ജീവിക്കാൻ സാധിക്കുകയില്ല. സംസ്കാരങ്ങളും സമ്പ്രദായങ്ങളും അങ്ങനെയാണ്.

ലോകത്തിലെ നല്ലതും ഗുണകരവുമായ കാര്യങ്ങൾ രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുകയും അതിന്റെ വളർച്ചയ്ക്കും വികസനത്തിനും സകല സഹായങ്ങളും നല്കുകയും ചെയ്ത ഒരു സംസ്കാരമാണ് ഭാരതത്തിന്റേത്. നല്ലത് എന്തും എവിടെ നിന്നുള്ളതായാലും സ്വീകരിക്കുന്നതിൽ തെറ്റില്ല എന്ന സമീപനം ആരംഭകാലം മുതൽ നമ്മൾ സ്വീകരിച്ചുപോന്ന ഒന്നാണ്.

സ്വവർഗരതി ഇങ്ങനെയാണോ? ''ലൈംഗികത വംശവർദ്ധനയ്ക്കുപരി ആഹ്ളാദത്തിനും ആനന്ദത്തിനും വേണ്ടിയാണ്, അതിനാൽ എന്തും ആകാം'' എന്നും വാദിക്കുന്നവരുണ്ടാകാം. എന്നാൽ ഒന്ന് ചോദിക്കട്ടെ? മദ്യപാനം അല്പസമയത്തെ ഒരു വിഭ്രമലോകത്തിന്റെ അനുഭൂതിയിലേക്ക് മനുഷ്യനെ കൂട്ടികൊണ്ട് പോകുന്നു. മയക്കുമരുന്നുകൾ മായികമായ ഒരു ലോകം തന്നെ അവ ഉപയോഗിക്കുന്നവർക്ക് തുറന്നു കൊടുക്കുന്നു. പിന്നെ എന്തുകൊണ്ട് അധികാരികൾ ഇതിന്റെ ഉപയോഗങ്ങൾക്ക് നിയന്ത്രണം വയ്ക്കുന്നു? കാരണം ഇതിന്റെ അനിയന്ത്രിതമായ ഉപഭോഗം സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത്തരത്തിൽ കണേണ്ടുന്ന ഒന്നാണ് സ്വവർഗരതി.

സ്വവർഗരതി പ്രകൃതിയുടെ ക്രമമല്ല. ദിശാപരമായ മാർഗഭ്രംശമായതുകൊണ്ട് സ്വവർഗരതിക്ക് അടിപ്പെടുന്നവരോട് അനുഭാവപൂർവ്വമായ പരിഗണന കാണിക്കേണ്ടതായി വന്നേക്കാം. സ്വവർഗരതി നിയമാനുസൃതമാക്കാൻ ചിന്തിക്കുന്നതും വാദിക്കുന്നതും മുദ്രകുത്തുന്നതും മനുഷ്യാവകാശത്തിന്റെയും മനുഷ്യാന്തസ്സിന്റെയും ലംഘനമാണ്. തിന്മ ഒരിക്കലും നന്മ ആകില്ല.

സ്വവർഗരതി ഉപഭോഗസംസകാരത്തിന്റെ ഭാഗമാണ്. മറ്റൊരു മനുഷ്യവ്യക്തിയെ ഒരു ഉത്പന്നമായി വീക്ഷിക്കുന്ന ദുഷിച്ച പ്രവണതയാണത്. നിയമം നിർമ്മിക്കുന്നവർ മനുഷ്യാവകാശങ്ങളെയും മനുഷ്യമനസ്സിനെയും നശിപ്പിക്കുന്നവരാകരുത്. ഒരു മനുഷ്യവ്യക്തിക്ക് നൽകപ്പെടേണ്ട അന്തസ്സിനെയും മനുഷ്യവ്യക്തിയുടെ സവിശേഷ ഗുണധർമ്മത്തെയുമാണത് പിച്ചിച്ചീന്തുന്നത്.

ലൈംഗികതയെ ഒരു ശാസ്ത്രമായി കാണുകയും അതിന്റെ പ്രയോഗത്തിനും പഠനത്തിനും ശാസ്ത്രീയമാനം നല്കുകയും ചെയ്തുകൊണ്ട് പ്രാചീനകാലത്തുത്തന്നെ കാമസൂത്രം രചിച്ചവരാണ് ഭാരതീയർ. അതിൽപോലും സ്വവർഗരതിപോലെയുള്ള പ്രവർത്തനങ്ങൾ അധമവും പ്രകൃതി വിരുദ്ധവുമാണെന്നാണ് അവതരിപ്പിച്ചിടുന്നത്. ആയുർവേദവും ഇതിനെ നഖശിഖാന്തം എതിർക്കുന്നു. അതിനാൽ ഇത് ഭാരതത്തിന് സ്വീകാര്യമല്ലാത്ത കാര്യമാണെന്നു വ്യക്തമാണ്.

എന്തൊക്കെ വാദമുഖങ്ങൾ ഉയർത്തിയാലും കുടുംബബന്ധങ്ങളുടെ പരിപാവനത തകർക്കുന്നതും സമൂഹത്തന്റെ സന്തുലനം നശിപ്പിക്കുന്നതും പുനരുത്പാദന പ്രക്രിയയിൽ ക്രിയാത്മകമായ യാതൊരു പങ്കുമില്ലാത്തതും മൃഗീയവുമായ ഈ സമ്പ്രദായം അടിമുടി എതിർക്കപ്പെടണം.

രാഷ്ട്രീയക്കാർ അവസരങ്ങൾക്കായി കരുനീക്കം നടത്തുമ്പോൾ രാജ്യതന്ത്രജ്ഞർ തലമുറകളെ മുന്നിൽകണ്ട് കാര്യങ്ങൾ ചെയ്യുന്നു എന്ന് പറയാറുണ്ട്. നമ്മുടെ ഭരണാധികാരികൾക്ക് സമൂഹത്തിന്റെ നന്മ മുന്നിൽ കണ്ടുകൊണ്ട് ഭരിക്കാനും , ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ മുൻപിൽ പ്രീണനം മാറ്റിവച്ചു ശക്തവും ശരിയായതുമായ തീരുമാനങ്ങൾ എടുക്കാനും കഴിയുന്നില്ലെങ്കിൽ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലായിരിക്കും അവരുടെ സ്ഥാനം.

**ഫാ.ജോസിപൊന്നമ്പൽ MSFS**

"Jagratha News" - An internet news service is free and for private circulation
Web: www.kcbcsocialharmony.org Blog: jagrathakcbc.blogspot.com
Designed and Edited by , Secretary,
KCBC Commission for Social Harmony and Vigilance,
P.O.C, P.B. No.2251, Palarivattom, Kochi-25, INDIA